# ലോക്കൽ ഫണ്ട് ഓഡിറ്റ്
# ജില്ലാ ഓഫീസ്, കൊല്ലം

## മുഖത്തല ബ്ലോക്ക് പഞ്ചായത്ത്




## ഓഡിറ്റ് റിപ്പോർട്ട് 2008-09

എൽ.എഫ്.ക്യൂ/ഡി.ബി/340/2011

ലോക്കൽ ഫണ്ട് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കൊല്ലം ജില്ല

തീയതി: 12 ആഗസ്റ്റ് 2011

കൊല്ലം ജില്ലയിലെ, മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2008–09 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994–ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)–ാം വകുപ്പ് 1994–ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, 1996–ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥയുടെ പേരും ഉദ്യോഗപ്പേരും* | *ശ്രീ. കെ. ജനാർദ്ദനൻ ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)* |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2008–09 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീ കരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01–04–2009 മുതൽ 31–03–2010 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

Local Fund Audit Department

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 25–01–2011 മുതൽ 31–01–2011 വരെ | 2008–09 (വാർഷികം) | 1. ശ്രീമതി. കെ.ഐ. ഷീലാകുമാരി<br>2. ശ്രീ. കെ. സൈമൺ<br>(ഓഡിറ്റ് ഓഫീസർമാർ)<br>3. ശ്രീമതി. സിജാറാണി.എസ്<br>4. ശ്രീ. സുഗേഷ് എം.എസ്<br>(ഓഡിറ്റർമാർ |

# നിർവ്വഹണാധികാരികൾ

***പ്രസിഡന്റ്   : ശ്രീ. ബി. സുജിന്ദ്രൻ,  01-04-2008 മുതൽ 31-03-2009 വരെ***

***സെക്രട്ടറി   : ശ്രീ. എം.എസ്. അനിൽകുമാർ,  01-04-2008  മുതൽ 31-03-2009 വരെ***

# റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ള തുമാകുന്നു.

***ഭാഗം 1:–പൊതു അവലോകനം***

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

***ഭാഗം 2:–വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 3:–ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.***

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 4:– ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തികനില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

Local Fund Audit Department

ഭാഗം – 1

# പൊതു അവലോകനം

മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 വർഷത്തെ ബജറ്റ് 25-03-2008-ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 5,31,42,000/- രൂപയും, ആകെ ചെലവ് 5,29,32,600/- രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2008-09 വർഷത്തെ ആകെ വരവ് 4,54,72,109/- രൂപയും, ആകെ ചെലവ് 3,67,91,752/- രൂപയും ആണ്. (പഞ്ചായത്തിൻെറ തനതു വിനിയോഗത്തിന് ലഭിച്ച യഥാർത്ഥ വരവ് (ഋണബാദ്ധ്യത കഴിച്ചുള്ള വരവ്) /- രൂപയാണ്).

സാമ്പത്തിക വർഷത്തെ ആകെ വരവിൽ സർക്കാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ഇനത്തിൽ ലഭിച്ച 4,41,82,750/- രൂപയും, പഞ്ചായത്തിന്റെ തനത് വരുമാനമായ 12,89,359/- രൂപയും ഉൾപ്പെടുന്നു. (വിശദ വിവരത്തിന് ഭാഗം-4 കാണുക).

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ ₹ 95,414/- ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 5,49,500/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിൻെറ 2,3 ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു)

ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം വികസന ഫണ്ട് ഇനത്തിൽ ₹ 14,33,800/- വരവും, ₹ 1,36,81,338/- ചെലവും ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ₹ 14,78,000/- വരവും, ₹ 13,99,237/- ചെലവും ഉണ്ട്. മുൻ വർഷത്തെ നീക്കിയിരിപ്പ് കൂടി കണക്കാക്കുമ്പോൾ ടി. വരവ് ഇനങ്ങളിൽ ഭീമമായ തുക ചെലവഴിക്കാതെ ലാപ്സായി പോകുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ ഇടപാടുകളുടെ സുപ്രധാന രേഖയായ ക്യാഷ് ബുക്ക് മുൻവർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുപോലെ തൻവർഷവും വർഷാന്ത്യ ക്ലോസ്സിംഗ് നടത്തി ട്രഷറി/ബാങ്ക് കണക്കുകളുമായി പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല. തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ ടെൻഡർ ഫോറം വിറ്റയിനത്തിൽ, രസീത്

Local Fund Audit Department

പ്രകാരം ഒടുക്ക് വന്ന തുക ക്യാഷ് ബുക്കിൽ വരവ് വയ്ക്കാതെയാണ് ബാങ്കിൽ ഒടുക്ക് വരുത്തി കാണുന്നത്. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പട്ടികജാതിയിൽപ്പെട്ട വികലാംഗ/മാനസിക വൈകല്യമുള്ള സ്കൂൾ കുട്ടികൾക്ക് പഠനോപകരണം നൽകിയ പ്രോജക്റ്റിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിരിക്കുന്നു. (ഖണ്ഡിക 3(3) കാണുക). ഐ.എ.വൈ. ധനസഹായമിനത്തിൽ ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയിട്ടും പല ഗുണഭോക്താക്കളും വീട് പണി പൂർത്തീകരിച്ചിട്ടില്ല. (ഖണ്ഡിക 3(4) കാണുക). ഗുണഭോക്തൃ വിഹിതം രസീത് (രസീത് ബുക്ക് നമ്പർ-760 & 761) ഉപയോഗിച്ച് പിരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. (ഖണ്ഡിക 3(5) കാണുക). പട്ടികജാതി യുവതികൾക്ക് വൈദഗ്ധ്യ പരിശീലനം എന്ന അംഗീകൃത പ്രോജക്റ്റിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (ഖണ്ഡിക 3(8) കാണുക). പട്ടികജാതി കോളനികളിൽ സമഗ്രവികസനം - പനവിള ലക്ഷംവീട് കോളനി ഫുട്പാത്ത് നിർമ്മാണം - ഗുണഭോക്തൃ സമിതി കൺവീനർ നടത്തിയ പ്രവൃത്തിയ്ക്ക് ലാഭവിഹിതം അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (ഖണ്ഡിക 3(13) കാണുക). വികേന്ദ്രീകൃതാസൂത്രണ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്റ്റ് നടപ്പിലാക്കിയിരിക്കുന്നത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഖണ്ഡിക 3(9), 3(10), 3(11) കാണുക).

Local Fund Audit Department

**ഭാഗം -2**

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

**ഭാഗം-3**

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### *ഖണ്ഡിക 3(1) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹ 10,000/- തടസ്സപ്പെടുത്തുന്നു*

കണ്ടിജന്റ് ബിൽ നമ്പർ-1/2008-09-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഡൽഹി യാത്രയ്ക്കായി ₹ 10,000/- അഡ്വാൻസ് തുകയായി മാറിയിട്ടുണ്ട്. എന്നാൽ, ഇതിന്റെ ഫൈനൽ ബിൽ നൽകി തുക ക്രമീകരിച്ചതിന്റെ രേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി. തുക തടസ്സപ്പെടുത്തുന്നു. ഫൈനൽ ബിൽ നൽകിയതിന്റെ

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ കണ്ടിജന്റ് ബില്ലുകൾ 4/2008-09, 5/2008-09, 36/2008-09 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഖണ്ഡിക 3(2) കറന്റ് ചാർജ്ജ് ഇനത്തിൽ അധിക തുക മാറിയത് തിരിച്ചടയ്ക്കാത്തത് - നഷ്ടം ₹ 648/-

കറണ്ട് ചാർജ്ജ് ഇനത്തിൽ 11/2008, 12/2008 മാസങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ അധിക തുക മാറിയിട്ടുണ്ട്. അധികരിച്ച് മാറിയ തുക തിരിച്ച് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ | കറണ്ട് ചാർജ്ജ് ഇനത്തിൽ മാറിയ തുക (₹) | കെ.എസ്.ഇ.ബി. | | ബാക്കി (₹) |
|---|---|---|---|---|
| | | രസീത് നമ്പർ/തീയതി | അടവാക്കിയ തുക (₹) | |
| 45/2008-09 | 4,676.00 | 2855683/02-12-2008 | 4,045.00 | 631.00 |
| 51/2008-09 | 4,678.00 | 63425/28-01-2009 | 4,661.00 | 17.00 |
| ആകെ | | | | **648.00** |

ടി. തുകകളുടെ അടവ് സംബന്ധിച്ച വിവരങ്ങൾ 31-01-2011-ലെ ഓഡിറ്റ് എൻക്വയറി നമ്പർ-2എ ആയി ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികരിച്ച് മാറിയെടുത്ത തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടില്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം ടി. തുക ₹ 648/- ഈടാക്കി ബ്ലോക്ക് പഞ്ചായത്ത ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഖണ്ഡിക 3(3) സബ്സിഡി മാനദണ്ഡങ്ങൾക്ക് വരുദ്ധമായി ചെലവ് ചെയ്ത തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് | പട്ടികജാതി - വികലാംഗ മാനസിക വൈകല്യമുള്ള സ്കൂൾ കുട്ടികൾക്ക് പഠനോപകരണം നൽകൽ |
| പ്രോജക്റ്റ് നമ്പർ | 57/2009 |
| ബിൽ നമ്പർ/തീയതി | 3/ആർ.എച്ച്/2008-09/08-04-2009 |

Local Fund Audit Department

| | |
|---|---|
| തുക | ₹ 1,44,080/- |
| ആകെ അടങ്കൽ | ₹ 1,00,000/- |
| പ്രോജക്റ്റ് ചെലവ് | ₹ 99,080/- |

ടി. പ്രോജക്റ്റ് പ്രകാരം പട്ടികജാതിയിൽപ്പെട്ട വികലാംഗ/മാനസിക വൈകല്യമുള്ള 30 (മുപ്പത്) കുട്ടികൾക്ക് ഒരു മേശയും കസേരയും പഠനസഹായമെന്ന നിലയിൽ വിതരണം നടത്തിയിരുന്നു. 24-07-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) 183/07/ത.സ്വ.ഭ.വ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് വാർഷിക ബത്ത ₹ 1,250/- ആണ്. എന്നാൽ പരാമർശിത പ്രോജക്റ്റിൽ ഒരു മേശയ്ക്ക് ₹ 2,900/- ഒരു കസേരയ്ക്ക് ₹ 300/- എന്നീ ക്രമത്തിൽ ആകെ ₹ 3,200/- ഒരു കുട്ടിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. 30 (മുപ്പത്) കുട്ടികൾക്കായി പ്രതിവർഷം ചെലവഴിക്കാവുന്ന തുക ₹ 37,500/- ആണ് (30 X 1250). അധികമായി ചെലവഴിച്ച ₹ 58,500/- (30 X 3,200 - 30 X 1,250) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി. ചെലവിനുള്ള സാധൂകരണം സർക്കാരിൽ നിന്നും വാങ്ങി ഹാജരാക്കാത്തപക്ഷം ടി. ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി നിയമ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## *ഖണ്ഡിക 3(4) ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി - ധനസഹായം*

ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയിട്ട് വീട് പണി പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/വിലാസം/ വാർഡ് | വിഭാഗം | അനുവദിച്ച തുക (₹) | കൈപ്പറ്റിയ തുക/ വിശദാംശങ്ങൾ |
|---|---|---|---|---|
| | | **ജനറൽ** | | |
| 1. | ശ്രീമതി. അജിത കുമാരി, W/o സുരേഷ് കുമാർ, വടക്കേകടുക്കര വീട്, തൃക്കോവിൽവട്ടം സർക്കിൾ XXII/742 | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ: 242436/16-03-2009<br>₹ 20,000/-<br>ചെക്ക് നമ്പർ: 540720/05-10-2009<br>₹ 10,000/-<br>ചെക്ക് നമ്പർ: 105431/28-07-2010 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 2. | ശ്രീമതി. ബേബി,<br>W/o യെറ്റ് രാജ്,<br>സന്ധ്യാ ഭവൻ,<br>വെറ്റിലതാഴം,<br>തൃക്കോവിൽവട്ടം<br>XXI | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015222/16-01-2009 |
| 3. | ശ്രീമതി. വത്സല ഷാജി,<br>നെടുവിള പുത്തൻവീട്,<br>കണ്ണനല്ലൂർ പി.ഒ.,<br>കൊല്ലം,<br>തൃക്കോവിൽവട്ടം<br>XIV | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015416/10-02-2009 |
| 4. | ശ്രീമതി. രതീഭായി<br>ബാബുപിള്ള,<br>കയ്പ്പള്ളിൽ,<br>നടുവിലക്കര,<br>പുല്ലിച്ചിറ, മയ്യനാട്<br>IV | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>189154/14-10-2008<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>015046/11-12-2008 |
| 5. | ശോഭനബാബു,<br>ആമ്പാടി,<br>ആക്കോലിൽ,<br>കൂട്ടിക്കട,<br>മയ്യനാട്<br>XV | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015443/17-02-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>015621/25-04-2009 |
| 6. | ശ്രീമതി. വസന്തകുമാരി,<br>ഗിരീന്ദ്രൻ,<br>കടയഴികം,<br>പുല്ലിച്ചിറ, മയ്യനാട്<br>XVIII | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>182257/17-07-2008<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>015321/03-02-2009 |
| 7. | ശ്രീമതി. സിബി മരിയറ്റ്<br>സാമുവൽ,<br>ജോൺ ബ്രിട്ടോ,<br>മീനത്തുവിള,<br>കാക്കോട്ടുമൂല,<br>മയ്യനാട്<br>XI | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>189128/30-09-2008 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 8. | ശ്രീമതി. ജയകുമാരി<br>അശോകൻ,<br>അഖിൽ ഭവനം,<br>പെരുമ്പുഴ,<br>ഇളമ്പള്ളൂർ<br>വാർഡ് - X/430 | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>189497/30-10-2008 |
| | | | | ₹ 25,550/-<br>ചെക്ക് നമ്പർ:<br>015159/06-01-2009 |
| 9. | ശ്രീമതി. മായാദേവി<br>മോഹനപിള്ള,<br>രേഷ്മാ ഭവൻ,<br>പുനുക്കുന്നൂർ,<br>ഇളമ്പള്ളൂർ<br>IX | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>242715/26-03-2009 |
| 10. | ശ്രീമതി. ഷാഹിദാബീവി,<br>വെല്ലുച്ചിറ ചിറക്കരോട്ട്,<br>കൊറ്റംകര,<br>ചന്ദനത്തോപ്പ്<br>വാർഡ് - XII | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>014949/20-11-2008 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>014897/18-12-2008 |
| | | | | ₹ 10,000/-<br>ചെക്ക് നമ്പർ:<br>242473/20-03-2009 |
| 11. | ശ്രീമതി. ഗീതാകുമാരി,<br>ഓമനക്കുട്ടൻപിള്ള,<br>മംഗലത്ത്പുത്തൻവീട്,<br>പുനുക്കന്നൂർ,<br>കൊറ്റംങ്കര<br>VIII | ജനറൽ | ₹ 50,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015184/09-01-2009 |
| | | **എസ്.സി.** | | |
| 1. | ശ്രീമതി. ഷേർളി<br>സുദേവൻ,<br>കൊട്ടൂർ തൊടിയിൽ,<br>പുന്നമുക്ക്,<br>പെരുമ്പുഴ,<br>ഇളമ്പള്ളൂർ<br>ഞാലിക്കോട് സർക്കിൾ | എസ്.സി.പി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015137/26-12-2008 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>242467/20-03-2009 |
| | | | | ₹ 25,550/-<br>ചെക്ക് നമ്പർ:<br>956179/05-02-2010 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 2. | ശ്രീമതി. രാജമ്മ,<br>അജി ഭവനം,<br>ഇളമ്പള്ളൂർ,<br>അമ്പിപൊയ്ക<br>VI | എസ്.സി.പി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015053/29-12-2008 |
| | | | | ₹ 25,000/-<br>ചെക്ക് നമ്പർ:<br>015477/25-02-2009 |
| 3. | ശ്രീമതി. അനിലാ സന്തോഷ്,<br>പെരിഞ്ഞേലിൽ ചരുവിളവീട്,<br>റേഡിയോ ജംഗ്ഷൻ,<br>പെരുമ്പുഴ,<br>ഇളമ്പള്ളൂർ<br>VIII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015100/05-01-2009 |
| | | | | ₹ 25,500/-<br>ചെക്ക് നമ്പർ:<br>015484/26-02-2009 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>956347/01-03-2010 |
| 4. | ശ്രീമതി. സരസ്വതി സുബ്രഹ്മണ്യം,<br>ജയന്തി കോളനി,<br>മുണ്ടയ്ക്കൽ,<br>പെരുമ്പുഴ,<br>ഇളമ്പള്ളൂർ | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015195/12-01-2009 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>242681/23-03-2009 |
| | | | | ₹ 25,550/-<br>ചെക്ക് നമ്പർ:<br>242741/30-03-2009 |
| 5. | ശ്രീമതി. ശ്യാമള വിക്രമൻ,<br>വിനീത ഭവൻ,<br>പുനുക്കന്നൂർ,<br>പെരുമ്പുഴ,<br>ഇളമ്പള്ളൂർ<br>XVI | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015229/19-01-2009 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>015571/31-03-2009 |
| 6. | ശ്രീമതി. ഭാരതി ശാന്തപ്പൻ,<br>ചിറക്കരോട്ട് വീട്,<br>പുനുക്കന്നൂർ,<br>പെരുമ്പുഴ,<br>ഇളമ്പള്ളൂർ<br>XIX | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015408/10-02-2009 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>242435/16-03-2009 |
| | | | | ₹ 20,000/-<br>ചെക്ക് നമ്പർ:<br>092886/13-08-2010 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 7. | ശ്രീമതി. ചന്ദ്രിക തുളസീധരൻ, രേഷ്മ ഭവനം, കുളപ്ര, ഇളമ്പള്ളൂർ XIX | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 242479/20-03-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 015712/22-05-2009 |
| 8. | ശ്രീമതി. ശ്യാമള ശ്രീധരൻ, പ്രകാശ് ഭവനം, പുനുക്കന്നൂർ ആലുംമൂട് പി.ഒ., ഇളമ്പള്ളൂർ XIV | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 242702/24-03-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 540326/17-06-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 541153/16-12-2009 |
| 9. | ശ്രീമതി. സുമ സജു, സജു ഭവൻ, പെരുമ്പുഴ, ഇളമ്പള്ളൂർ XX | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015551/31-03-2009 |
| 10. | ശ്രീമതി. നീതുമോൾ, നീതുഭവൻ, പുനുക്കന്നൂർ, ഇളമ്പള്ളൂർ | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015564/31-03-2009 |
| | | | | ₹ 25,550/- ചെക്ക് നമ്പർ: 540600/03-08-2009 |
| 11. | ശ്രീമതി. വിലാസിനി തുളസീധരൻ, രേവതി ഭവൻ, കുന്നുവിള തെക്കേതിൽ, വെറ്റിലത്താഴം, ഡീസന്റ് ജംഗ്ഷൻ XIX | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015067/30-12-2008 |
| | | | | ₹ 25,550/- ചെക്ക് നമ്പർ: 015446/18-02-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 015574/31-03-2009 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 12. | ശ്രീമതി. അംബിക ശശിധരൻ, താമരക്കുഴി കിഴക്കേതിൽ, തൃക്കോവിൽവട്ടം XI | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015221/16-01-2009 |
| | | | | ₹ 25,550/- ചെക്ക് നമ്പർ: 015334/06-02-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 242714/26-03-2009 |
| 13. | ശ്രീമതി. മിനിമോൾ സന്തോഷ് കുമാർ, കടുക്കര തൊടിയിൽ, തട്ടാർകോണം, തൃക്കോവിൽവട്ടം | എസ്.സി. | ₹ 15,000/- | ₹ 15,000/- ചെക്ക് നമ്പർ: 015245/20-01-2009 |
| 14. | ശ്രീമതി. മിനി ഓമനക്കുട്ടൻ, സജീവ് വിലാസം, പേരയംചേരി, ഉമയനല്ലൂർ, തൃക്കോവിൽവട്ടം XVI | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015307/31-01-2009 |
| | | | | ₹ 25,550/- ചെക്ക് നമ്പർ: 242690/23-03-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 015779/03-06-2009 |
| 15. | ശ്രീ. അജയകുമാർ, പ്ലാവിളവീട്, മൈലാപ്പൂർചേരി, ഉമയനല്ലൂർ, തൃക്കോവിൽവട്ടം XVIII | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015342/06-02-2009 |
| | | | | ₹ 20,000/- ചെക്ക് നമ്പർ: 015777/03-06-2009 |
| 16. | ശ്രീമതി. പൊന്നമ്മ ഭാസ്കരൻ, കിളളിയാംപനവീട്, ചെറിയേല, ആലുംമൂട് പി.ഒ, തൃക്കോവിൽവട്ടം II | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 242493/03-03-2009 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 17. | ശ്രീമതി. കൗസല്യ,<br>ആശാൻകുന്നുവിള,<br>തഴുത്തല,<br>കണ്ണനല്ലൂർ പി.ഒ.,<br>തൃക്കോവിൽവട്ടം<br>XIV | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>242443/17-03-2009<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>242732/28-03-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>015658/30-04-2009 |
| 18. | ശ്രീമതി. തങ്കമണിരാജു,<br>രാജി ഭവൻ,<br>ചിറ്റിലക്കാട്ട് കോളനി,<br>കുറുമണ്ണ,<br>തൃക്കോവിൽവട്ടം | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>242751/30-03-2009<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>015584/18-04-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>540551/14-07-2009 |
| 19. | ശ്രീമതി. ബേബി,<br>ഗീതാഞ്ജലി,<br>പിണയ്ക്കൽ,<br>തട്ടാമല,<br>മയ്യനാട് - XXII,<br>പടനിലം | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015033/05-12-2008<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>015471/24-02-2009 |
| 20. | ശ്രീമതി. ജിജി വിനോദ്,<br>ഉദയം,<br>മയ്യനാട്<br>XIV | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015035/05-12-2008<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>015481/25-02-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>356945/12-05-2010 |
| 21. | ശ്രീമതി. ഉഷ ലാലു,<br>ഓട്ടുപറമ്പിൽ,<br>മയ്യനാട്,<br>കാക്കോട്ടുമൂല<br>VII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015326/03-02-2009<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>015496/02-03-2009 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 22. | ശ്രീമതി. ഷീബ സത്യൻ,<br>വലിയമാടൻ<br>തെക്കേതിൽ,<br>നടുവിലക്കര,<br>പുലിച്ചിറ,<br>മയ്യനാട് - VI | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>242409/06-03-2009<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>242697/24-03-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>540329/19-06-2009 |
| 23. | ശ്രീമതി. ലീല ഉണ്ണി,<br>ഓട്ടുപറമ്പിൽ,<br>നടുവിലക്കര,<br>കാക്കോട്ടുമൂല,<br>മയ്യനാട് - VII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>242411/07-03-2009<br><br>₹ 25,550/-<br>ചെക്ക് നമ്പർ:<br>540960/19-11-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>956307/22-02-2010 |
| 24. | ശ്രീമതി. സുശീല<br>ശശിധരൻ,<br>കനകംവിള,<br>മയ്യനാട്,<br>കാക്കോട്ടുമൂല - X | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>242459/18-03-2009<br><br>₹ 20,000/-<br>ചെക്ക് നമ്പർ:<br>242769/30-03-2009 |
| 25. | ശ്രീമതി. ഉദയകുമാരി,<br>പണയിൽ വീട്,<br>നടുവിലക്കര,<br>മയ്യനാട് - V | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015552/31-03-2009<br><br>₹ 10,000/-<br>ചെക്ക് നമ്പർ:<br>015671/04-05-2009 |
| 26. | ശ്രീമതി. ഗീതാകുമാരി,<br>നെടിയവിള വീട്,<br>പുനുക്കന്നൂർ,<br>പെരുമ്പുഴ,<br>കൊറ്റംങ്കര | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>189134/04-09-2008 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 27. | ശ്രീ. സിന്ധുമോഹനൻ,<br>തടവിളവീട്,<br>വേലൻകോണം,<br>പെരുമ്പുഴ പി.ഒ.,<br>കൊറ്റംങ്കര<br>VIII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>014859/11-12-2008<br>₹ 20,000/-<br>ചെക്ക് നമ്പർ:<br>015148/29-12-2008<br>₹ 25,500/-<br>ചെക്ക് നമ്പർ:<br>015283/28-01-2009 |
| 28. | ശ്രീമതി. കൗസല്യ,<br>വയലിൽ പുത്തൻവീട്,<br>റ്റി.കെ.എം.സി. പി.ഒ.,<br>കൊറ്റംങ്കര<br>XVIII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>014878/17-12-2008 |
| | | | | ₹ 25,550/-<br>ചെക്ക് നമ്പർ:<br>015407/10-02-2009 |
| 29. | ശ്രീമതി. ഷീജ ബിനു,<br>ഇടവഴി വടക്കതിൽ,<br>തട്ടാർകോണം,<br>കൊറ്റംങ്കര<br>XVII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015167/06-01-2009<br>₹ 25,550/-<br>ചെക്ക് നമ്പർ:<br>015244/06-02-2009<br>₹ 20,000/-<br>ചെക്ക് നമ്പർ:<br>015445/18-02-2009<br>₹ 5,000/-<br>ചെക്ക് നമ്പർ:<br>957077/12-07-2010 |
| 30. | ശ്രീമതി. ശശികല<br>സതീശൻ,<br>കല ഭവനം,<br>കോവിൽമുക്ക്,<br>കൊറ്റംങ്കര<br>XVII | എസ്.സി. | ₹ 75,000/- | ₹ 15,000/-<br>ചെക്ക് നമ്പർ:<br>015174/08-01-2009<br>₹ 20,000/-<br>ചെക്ക് നമ്പർ:<br>540727/05-10-2009<br>₹ 25,550/-<br>ചെക്ക് നമ്പർ:<br>540972/19-11-2009 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 31. | ശ്രീമതി. ജയകുമാരി തമ്പി, തെറ്റിച്ചിറപുത്തൻവീട്, റ്റി.കെ.എം.സി. പി.ഒ., പേരൂർ, കൊറ്റംങ്കര XVIII | എസ്.സി. | ₹ 75,000/- | ₹ 15,000/- ചെക്ക് നമ്പർ: 015433/13-02-2009<br>₹ 20,000/- ചെക്ക് നമ്പർ: 956204/08-02-2010<br>₹ 25,550/- ചെക്ക് നമ്പർ: 956960/18-05-2010 |

ധനസഹായം കൈപ്പറ്റിയിട്ടും വീട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ടി. തുക തിരികെ ഈടാക്കുകയോ, വീട് പണി പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ***ഖണ്ഡിക 3(5) ഗുണഭോക്തൃ വിഹിതം രസീത് ഉപയോഗിച്ച് പിരിച്ചതുമായ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല***

മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി 27/2009 നമ്പർ പ്രോജക്റ്റ് പ്രകാരം നടപ്പിലാക്കിയ ഡി X ടി തെങ്ങിൻ തൈകൾ വാങ്ങുവാൻ സെൽഫ് ഹെൽപ്പ് ഗ്രൂപ്പിൽ നിന്നും ഒരു തെങ്ങിൻ തൈയ്ക്ക് ₹ 17.50/- ക്രമത്തിൽ 640 തൈകൾ വാങ്ങുവാൻ (50% സബ്സിഡി നിരക്കിൽ) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ₹ 11,200/- ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. (17.50 X 640).

ഈ ഇനത്തിൽ പിരിച്ച 11,200/- രൂപയും, പ്ലാൻ ഫണ്ട് വിഹിതമായ 11,200/- രൂപയും ചേർത്ത് യഥാക്രമം 24-06-2009-ലെ 405689, 30-03-2009-ലെ 400722 എന്നീ ഡി.ഡി.കൾ മുഖേന ₹ 22,400/- കൃഷി ഭവൻ ഫാമിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം നൽകുന്ന രസീത് ഉപയോഗിച്ചാണ് ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടത്. ടി. തുക പിരിച്ചശേഷം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച ₹ 11,200/- പിരിവ് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയത് സംബന്ധിച്ചുള്ള വിശദാംശം കാണിക്കുന്ന രസീത് ബുക്കോ ബന്ധപ്പെട്ട രജിസ്റ്ററോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 29-01-2011-ൽ 4-ാം നമ്പരായി ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 3(6) കൃഷി അസിസ്റ്റന്റ് ഡയറക്ടർ വാങ്ങിയ ട്രാക്ടറിന് കേജ്‌വീൽ - ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല

2008-09 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ-064/2009 പ്രകാരം പുതുച്ചിറ - മൈലാപ്പൂർ പാടശേഖരസമിതിയ്ക്ക് നൽകുവാനായി ബിൽ നമ്പർ-7/2008-09 പ്രകാരം 12-03-2009-ൽ ₹ 25,000/- പിൻവലിച്ച് (ഡി.ഡി. നമ്പർ-000817 തീയതി 12-03-2009) റെയ്ഡ്കോ-യിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ട്രാക്ടറിന് കേജ് വീൽ വാങ്ങിയിട്ടുണ്ട്. 23-06-2009-ൽ ബിൽ നമ്പർ-3075 പ്രകാരമാണ് ഇത് ലഭ്യമാക്കിയിട്ടുള്ളത്. 23-06-2009-ൽ തന്നെ ₹ 50/- പത്രത്തിൽ കരാർ പ്രകാരം പാടശേഖര സമിതിയ്ക്ക് യന്ത്രം കൈമാറി. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഈ വിവരം ചേർത്ത് കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പലപ്പോഴും ബന്ധപ്പെട്ട ഇനം ഉൾപ്പെടുത്തിയ തീയതി എഴുതി കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും കൃത്യമായ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 3(7) പട്ടികജാതി യുവതികൾക്ക് വിദഗ്ധ പരിശീലനം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - 20,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല - 30,000/- രൂപയുടെ ചെലവ് തടസ്സത്തിലും വയ്ക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 39/2009 |
| അടങ്കൽ തുക | 50,000/- |
| നിർവ്വഹണം | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് |

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 20 (ഇരുപത്) യുവതികൾക്ക് വൈദഗ്ധ്യ പരിശീലനവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ മേഖലയിൽ ഡി.റ്റി.പി. പരിശീലനം നൽകുന്നതാണ് പ്രോജക്റ്റ്. ഒരു ദിവസം അഞ്ച് മണിക്കൂർ വീതം 10 (പത്ത്) ദിവസം പരിശീലനം നൽകുവാനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

₹ 42,000/- പരിശീലന ഫീസായും, ₹ 8,000/- പരിശീലനാർത്ഥികൾക്കുള്ള യാത്രാബത്ത യുമായിട്ടാണ് വകയിരുത്തിയിരിക്കുന്നത്. ടി. വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി നിർവ്വഹണം നടത്തുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ 13-02-2009-ൽ കരാർ വച്ചിട്ടുള്ളതുമാകുന്നു. പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നമ്പർ-38/2008-09/28-03-2009 പ്രകാരം ₹ 50,000/- ട്രഷറിയിൽ നിന്നും മാറി (ഡി.ഡി. നമ്പർ-403957/06-05-2009) നിർവ്വഹണ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റിന് നൽകിയിട്ടുണ്ട്.

ഓഡിറ്റിനായി ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ₹ 42,000/- പരിശീലനത്തിനും, ₹ 8,000/- പരിശീലനാർത്ഥികൾക്കുള്ള യാത്രാബത്തയുമായിട്ടാണ് നൽകിയിരിക്കുന്നത്. ഫയലിനോടൊപ്പം ഉള്ള അറ്റൻഡൻസ് ഷീറ്റ് പരിശോധിച്ചതിൽ 12 (പന്ത്രണ്ട്) യുവതികൾക്ക് ഫെബ്രുവരി മാസത്തിൽ 18,28 തീയതികളിലും, മാർച്ച് മാസത്തിൽ 2, 31 തീയതികളിലുമായിട്ട് പരിശീലനം നൽകിയതായി കാണുന്നു. ആ വ്യവസ്ഥ അനുസരിച്ച് 20 (ഇരുപത്) യുവതികൾക്ക് പരിശീലനം നൽകുന്നതിനാണ് ₹ 42,000/- വക കൊള്ളിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 12 (പന്ത്രണ്ട്) പേർക്ക് പരിശീലനത്തിനായി 25,200/- രൂപയും, യാത്രാബത്ത ഇനത്തിൽ 4,800/- രൂപയും ഉൾപ്പെടെ ആകെ ₹ 30,000/- ടി. പ്രോജക്റ്റിനായി ചെലവ് ചെയ്താൽ മതിയാകും. അധികമായി നൽകിയ 20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി. തുക പ്രോജക്റ്റ് നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്നോ, നിർവ്വഹണ ഏജൻസിയിൽ നിന്നോ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ഡി.പി.സി. അംഗീകൃത പ്രോജക്റ്റിൽ ദിവസം അഞ്ച് മണിക്കൂർ വീതം 10 (പത്ത്) ദിവസം പരിശീലനം നൽകുവാൻ ആണ് വിഭാവനം ചെയ്തിരുന്നത്. ആയതിന് വിരുദ്ധമായി നാല് ദിവസം അഞ്ച് മണിക്കൂർ വീതം മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. ആയതിനാൽ, ടി. പ്രോജക്റ്റ് നിർവ്വഹണം അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു.

പരിശീലനം ലഭിച്ച യുവതികൾ ഡി.റ്റി.പി-യുമായി ബന്ധപ്പെട്ട് എന്തെങ്കിലും തൊഴിൽ സംരംഭം തുടങ്ങിയതായോ, ആയതിന് ബ്ലോക്കിൽ നിന്നും എന്തെങ്കിലും പ്രോജക്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയതായോ രേഖകൾ ഇല്ല. ആയതിനാൽ മേൽ ഖണ്ഡികയിൽ അംഗീകരിക്കാത്ത ₹ 20,000/- കഴിച്ചുള്ള 30,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

Local Fund Audit Department

## ഖണ്ഡിക 3(8) സമഗ്രക്ഷീരോൽപ്പാദനം (വനിത) പട്ടികജാതി - സബ്സിഡി ആനുകൂല്യം നൽകിയത് ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കാത്തതും/സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധവുമാകയാൽ ചെലവ് തുക 62,490/- തടസ്സത്തിൽ വയ്ക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 10/2009 |
| അടങ്കൽ തുക | ₹ 2,08,656/- |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ക്ഷീരസംഘങ്ങളിൽ നിന്നും സ്ഥിരം തീറ്റ വാങ്ങുന്നവരും, ക്ഷീരസംഘങ്ങളിലെ സജീവാംഗങ്ങളായ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വനിതകൾക്ക് ഡിസംബർ മുതൽ മാർച്ച് മാസം വരെയുള്ള കാലയളവിൽ 30% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതാണ് പ്രോജക്റ്റ്. പ്രോജക്റ്റിന്റെ ധനകാര്യ വിശകലനത്തിൽ വികസന ഫണ്ട് 62,490/- രൂപയും, ഗുണഭോക്താവ് ഗുണഭോക്തൃ വിഹിതമായി നേരിട്ട് ചെലവഴിക്കുന്ന 1,46,166/- രൂപയും ഉൾപ്പെടെ അടങ്കൽ തുക ₹ 2,08,656/- ആണ്. ടി. പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രകാരം ₹ 62,490/- ട്രഷറിയിൽ നിന്നും മാറി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ വരുന്ന 13 (പതിമൂന്ന്) ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

Local Fund Audit Department

| ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|
| 1/2008-09/31-01-2009 | ₹ 13,050/- |
| 2/2008-09/06-03-2009 | ₹ 26,100/- |
| 4/2008-09/24-03-2009 | ₹ 14,640/- |
| 5/2008-09/30-03-2009 | ₹ 8,700/- |
| **ആകെ** | **₹ 62,490/-** |

ടി. പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവ് ചെയ്ത ₹ 62,490/- താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

❶ വികേന്ദ്രീകൃതാസൂത്രണം സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എം.എസ്)/183/07/ത.സ്വ.ഭ.വ/തീയതി 24-07-2007 പ്രകാരവും, 2008-09 വർഷത്തെ പുതുക്കിയ സബ്സിഡി മാനദണ്ഡ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്)199/08/ത.സ്വ.ഭ.വ. തീയതി 11-07-2008 പ്രകാരവും ഉളള സബ്സിഡി മാർഗ്ഗരേഖ ഇനങ്ങളിൽ ഉൾപ്പെടുന്ന ഇനങ്ങളിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ സബ്സിഡിയ്ക്ക് അർഹത ഇല്ലാതാകുന്നു. ടി. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

❷ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്വം വ്യക്തിഗത ആനുകൂല്യം നൽകപ്പെടുന്ന ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കണം എന്നുളളതാണ്. ആയതിന് വിരുദ്ധമായി ക്ഷീരസംഘങ്ങൾ തെരഞ്ഞെടുത്ത വ്യക്തികൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ടി. നടപടി വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമായതാണ്.

❸ ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച ₹ 62,490/- തടസ്സത്തിൽ വയ്ക്കുന്നു. ടി. തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി നിശ്ചിതസമയത്തിനകം ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത സാഹചര്യത്തിൽ ടി. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കുന്നതിന് പിന്നീട് ശുപാർശ ചെയ്യുന്നതായിരിക്കും.

Local Fund Audit Department

## ഖണ്ഡിക 3(9) കറവമാടുകൾക്ക് വേനൽക്കാല സംരക്ഷണം - സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 92,600/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 63/2009 |
| അടങ്കൽ തുക | ₹ 3,49,250/- |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ നാല് പഞ്ചായത്തുകളിലെ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളിലെ വ്യക്തികൾക്ക് കാലിത്തീറ്റ ദൗർലഭ്യം നേരിടുന്ന വേനൽക്കാലത്ത് ജനുവരി - മാർച്ച് വരെ 30% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പ്രോജക്റ്റ്. ധനകാര്യ വിശകലനം അനുസരിച്ച് വികസന ഫണ്ട് 92,600/- രൂപയും, ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന 2,56,650/- രൂപയും ഉൾപ്പെടെ ആകെ അടങ്കൽ തുക ₹ 3,49,250/- ആണ്. ടി. പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നമ്പർ-4/2008-09/24-03-2009 പ്രകാരം ₹ 92,600/- ട്രഷറിയിൽ നിന്നും പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 13 (പതിമൂന്ന്) ക്ഷീരസംഘങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

❶ വികേന്ദ്രീകൃതാസൂത്രണം സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എം.എസ്)/183/07/ത.സ്വ.ഭ.വ/തീയതി 24-07-2007 പ്രകാരവും, 2008-09 വർഷത്തെ പുതുക്കിയ സബ്സിഡി മാനദണ്ഡ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്)199/08/ത.സ്വ.ഭ.വ. തീയതി 11-07-2008 പ്രകാരവും ഉള്ള സബ്സിഡി മാർഗ്ഗരേഖ ഇനങ്ങളിൽ ഉൾപ്പെടുന്ന ഇനങ്ങളിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ സബ്സിഡിയ്ക്ക് അർഹത ഇല്ലാത്തതാകുന്നു. ടി. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

❷ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്വം വ്യക്തിഗത ആനുകൂല്യം നൽകപ്പെടുന്ന ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കണം എന്നുള്ളതാണ്. ആയതിന് വിരുദ്ധമായി ഗുണഭോക്താക്കളെ ക്ഷീരസംഘങ്ങൾ നേരിട്ട് തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

Local Fund Audit Department

മേൽ പറഞ്ഞ കാരണങ്ങളാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച ₹ 92,600/- തടസ്സത്തിൽ വയ്ക്കുന്നു. ടി. തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി നിശ്ചിതസമയത്തിനകം ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത സാഹചര്യത്തിൽ ടി. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കുന്നതിന് പിന്നീട് ശുപാർശ ചെയ്യുന്നതായിരിക്കും.

**ഖണ്ഡിക 3(10) സമഗ്രക്ഷീരോൽപ്പാദനം (വനിത ജനറൽ) സബ്സിഡി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കാത്തതും/ആനുകൂല്യം നൽകൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധവുമാകയാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു ₹1,84,410/-**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 9/2009 |
| അടങ്കൽ തുക | ₹ 6,15,443/- |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ക്ഷീരസംഘങ്ങളിലെ സജീവാംഗങ്ങളും, ക്ഷീരസംഘങ്ങളിൽ നിന്നും സ്ഥിരമായി കാലിത്തീറ്റ വാങ്ങുന്നവരുമായ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീരകർഷക വനിതകൾക്ക് പച്ചപ്പുല്ല് കുറവുള്ള ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ 30% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതാണ് പ്രോജക്റ്റ്. ക്ഷീരസംഘങ്ങൾ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നു. ധനകാര്യ വിശകലനത്തിൽ വികസന ഫണ്ട് 1,84,110/- രൂപയും ഗുണഭോക്താവ് ഗുണഭോക്തൃ വിഹിതമായി നേരിട്ട് ചെലവഴിക്കുന്ന 4,31,333/- രൂപയും ഉൾപ്പെടെ ആകെ 6,15,443/- രൂപയും ആണ് അടങ്കൽ തുകയായി വക കൊള്ളിച്ചിരിക്കുന്നത്. ടി. പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ബില്ലുകൾ പ്രകാരം ₹ 1,84,410/- വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് 13 (പതിമൂന്ന്) ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

Local Fund Audit Department

| ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|
| 1/2008-09/31-01-2009 | ₹ 38,550/- |
| 2/2008-09/06-03-2009 | ₹ 77,100/- |
| 3/2008-09/17-03-2009 | ₹ 42,760/- |
| 5/2008-09/30-03-2009 | ₹ 25,700/- |
| **ആകെ** | **₹ 1,84,110/-** |

ടി. പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപകാകതകൾ ഉള്ളതിനാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവ് ചെയ്ത ₹ 1,84,410/- താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

❶ വികേന്ദ്രീകൃതാസൂത്രണം സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എം.എസ്)/183/07/ത.സ്വ.ഭ.വ/തീയതി 24-07-2007 പ്രകാരവും, 2008-09 വർഷത്തെ പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്)199/08/ത.സ്വ.ഭ.വ. തീയതി 11-07-2008 പ്രകാരവും ഉള്ള സബ്സിഡി മാർഗ്ഗരേഖ ഇനങ്ങളിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ സബ്സിഡിയ്ക്ക് അർഹത ഇല്ലാത്തതാകുന്നു. ടി. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

❷ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്വം വ്യക്തിഗത ആനുകൂല്യം നൽകപ്പെടുന്ന ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കണം എന്നുള്ളതാണ്. ആയതിന് വിരുദ്ധമായി ക്ഷീരസംഘങ്ങൾ നേരിട്ട് തെരഞ്ഞെടുത്ത വ്യക്തികൾക്ക് ആണ് വ്യക്തിഗത ആനുകൂല്യം നൽകിയിരിക്കുന്നത്. ആയത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല.

മേൽ പറഞ്ഞ കാരണങ്ങളാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച ₹ 1,84,410/- താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. ടി. തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി നിശ്ചിതസമയത്തിനകം ഹാജരാക്കി തടസ്സം ഒഴിവാക്കിയില്ല എങ്കിൽ, ടി. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കുന്നതിന് പിന്നീട് ശുപാർശ ചെയ്യുന്നതായിരിക്കും.

Local Fund Audit Department

## ***ഖണ്ഡിക 3(11) വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു***

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 32/2009 |
| അടങ്കൽ തുക | ₹ 1,70,000/- |
| നിർവ്വഹണം | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

താഴെ പറയുന്ന കോളനികളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷനുവേണ്ടി ബിൽ നമ്പർ-8/2008-09 തീയതി 11-11-2008 അനുസരിച്ച് ₹ 1,70,000/- ട്രഷറിയിൽ നിന്നും പിൻവലിച്ച് ₹ 1,02,473/- പുല്ലാംകുഴി കനാൽ പുറംപോക്ക് കോളനി ലൈൻ എക്സ്റ്റൻഷനുവേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കൊട്ടിയത്തും, ₹ 67,527/- മാമ്പുഴ പൂക്കട കോളനി, മാമ്പുഴ ആറ്റൂൽപണകോളനി, കോളശ്ശേരി ഞാറയ്ക്കൽ കോളനി, കോളശ്ശേരി പരുവിള മുടപ്പിലാണ്ടൽ കോളനി എന്നിവയുടെ ലൈൻ എക്സ്റ്റൻഷനുവേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, പെരുമ്പുഴ ഓഫീസിലും ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഉള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അതിനാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവ് ചെയ്ത 1,70,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

Local Fund Audit Department

## ***ഖണ്ഡിക 3(12) പട്ടികജാതി കോളനികളിൽ സമഗ്രവികസനം - പനവിള ലക്ഷംവീട് കോളനി ഫുട്പാത്ത് നിർമ്മാണം - ഗുണഭോക്തൃ സമിതി കൺവീനർ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിയ്ക്ക് ലാഭവിഹിതം അനുവദിച്ച് നൽകിയതുമൂലം നഷ്ടം 9,752/-***

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 31/2009 |
| അടങ്കൽ തുക | ₹ 1,99,192/- |
| കൺവീനർ | ശ്രീ. അബ്ദുൽ റഷീദ് |
| എഗ്രിമെന്റ് | 16/2008-09/09-12-2008 |
| അളവ് പുസ്തകം | 12/2008 |

ടി. ജോലിയുടെ നടത്തിപ്പിനായി ശ്രീ. അബ്ദുൽ റഷീദിനെ 21-11-2008-ന് മയ്യനാട് വച്ചു കൂടിയ ഗുണഭോക്തൃ സമിതി കൺവീനറായി തെരഞ്ഞെടുക്കുകയും, കരാർ വച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് തീരുമാനിക്കുകയും ബന്ധപ്പെട്ട ഫൈനൽ വർക്ക് ബിൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ ടി. പ്രവൃത്തിയ്ക്ക് കാരാറുകാരന് നൽകുന്ന 10% ലാഭവിഹിതം കൂടി ചേർത്ത നിരക്ക് ആണ് നൽകി കാണുന്നത്.

## കൺവീനർക്ക് നൽകിയ നിരക്ക്

| | | |
|---|---|---|
| ഇനം-1 | എർത്ത് വർക്ക് എസ്കവേഷൻ ഇൻ ഹാർഡ് സോയിൽ 10m$^3$ @ ₹ 1012/- | 60m$^3$ x 1012 - 6072 |
| ഇനം -2 | സിമെന്റ് കോൺക്രീറ്റ് - 1:4:8 40എംഎം ബ്രോക്കൺ സ്റ്റോൺ | 40m$^3$ x 2773 - 110920 |
| ഇനം -3 | സിമെന്റ് കോൺക്രീറ്റ് - 1:2:4 20എംഎം ബ്രോക്കൺ സ്റ്റോൺ (₹ 82,200/- ആണ് അളവ് പുസ്തകം, വർക്ക് ബിൽ എന്നിവ പ്രകാരം നൽകിയിരിക്കുന്നത്) | 2000dm$^3$ x 41 - 82200 |
| **ആകെ** | | **₹ 1,99,192/-** |

ടി. തുകയിൽ നിന്നും നികുതികൾ താഴെ പറയുന്ന പ്രകാരം കുറവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| വാറ്റ് 4% | 7,968.00 |
| സെസ്സ് 1% | 80.00 |
| ആദായ നികുതി 2.24 | 4,462.00 |
| ക്ഷേമനിധി | 1,992.00 |
| **ആകെ** | **₹ 14,502.00** |

നികുതികൾ കുറവ് ചെയ്ത് ₹ 1,85,498/- ഡി.ഡി. നമ്പർ-415288 പ്രകാരം ശ്രീ. അബ്ദുൽ റഷീദിന് നൽകിയിട്ടുണ്ട്.

## കൺവീനർക്ക് നൽകേണ്ട നിരക്ക് പ്രകാരം നൽകേണ്ട തുക

| | | |
|---|---|---|
| ഇനം-1 | എർത്ത് വർക്ക് എസ്കവേഷൻ ഇൻ ഹാർഡ് സോയിൽ 10m$^3$ @ ₹ 920/- | 60m$^3$ x 920 - 5520 |
| ഇനം -2 | സിമെന്റ് കോൺക്രീറ്റ് - 1:4:8 40എംഎം മെറ്റൽ ഉപയോഗിച്ച് @ 2521m$^3$ | 40m$^3$ x 2521 - 100840 |

Local Fund Audit Department

| | | |
|---|---|---|
| ഇനം -3 | സിമെന്റ് കോൺക്രീറ്റ് - 1:2:4 20എംഎം മെറ്റൽ ഉപയോഗിച്ച് @ 37.38$dm^3$ | 2000$dm^3$ x 37.38 - 74,760 |
| | **ആകെ** | **₹ 181120/-** |
| ***നികുതികൾ കൂട്ടുക*** | | |
| വാറ്റ് 4% | 7245.00 | |
| സെസ്സ് 1% | 72.00 | |
| ക്ഷേമനിധി 1% | 1811 | **₹ 9,128.00/-** |
| **ആകെ** | | **₹ 1,90,248/-** |

ടി. വർക്കിന് വേണ്ടി ബിൽ നമ്പർ-18/2008-09/27-01-2009 അനുസരിച്ച് ₹ 2,00,000/- ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ട് നികുതികൾ കഴിച്ച് ₹ 1,85,498/- കൺവീനർ ശ്രീ. അബ്ദുൽ റഷീദിന് നൽകിയിട്ടുണ്ട്. കൺവീനർ ജോലിയ്ക്ക് നികുതികൾ ഉൾപ്പെടെ നികുതിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക ₹ 1,90,248/- ആണെന്നിരിക്കെ, ₹ 2,00,000/- പിൻവലിച്ചതുമൂലം ടി. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് (2,00,000-1,90,248) 9,752/- രൂപയുടെ നഷ്ടം വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. ടി. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

### ***ഖണ്ഡിക 3(13) പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് റോഡുകളിൽ മണ്ണ് ഫില്ലിംഗ് നടത്തിയതിന് അധിക നിരക്ക് നൽകിയത് - 6,514/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല***

പൊതുമരാമത്ത് പ്രവൃത്തികളുടെ നർവ്വഹണവുമായി ബന്ധപ്പെട്ട് റോഡിൽ മണ്ണ് ഫില്ലിംഗ് നടത്തിയതിന് ഒരു ഘനമീറ്ററിന് ₹ 159/- ക്രമത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് കൺവീനർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 28-06-2008 പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് ടി. ജോലിയ്ക്ക് കൺവീനർമാർക്ക് അനുവദിച്ച് നൽകാവുന്ന തുക ഒരു ഘനമീറ്ററിന് ₹ 141/- ആണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 0.90 പുരുഷദിനം | 151.20 |
| 2.75 ബാലദിനം (2.0625 പുരുഷൻ) | 346.50 |
| 5 കിലോമീറ്റർ കൺവേയൻസ് | 1,265.00 |
| **ആകെ** | **1,762.70** |

Local Fund Audit Department

| | |
|---|---|
| ***കുറയ്ക്കുക*** | |
| 2.1 സ്ത്രീ വേല ഒരു ഇനിഷ്യൽ ലീഡ് & ലിഫ്റ്റ് | 352.80 |
| **ആകെ** | **1,409.90** |

റൗണ്ട് ചെയ്യുമ്പോൾ ₹ 1,410/- 10 ഘനമീറ്ററിന് ഒരു ഘനമീറ്ററിന് ₹ 141/- ആണ് അനുവദനീയമായ നിരക്ക്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ പ്രോജക്റ്റ് നമ്പർ/ ബിൽ നമ്പർ | ചെയ്ത അളവ് | അനുവദിച്ചു നൽകിയ തുക എം$^3$ ₹ 159/- നിരക്കിൽ | അനുവദനീയമായ തുക ₹ 141/- നിരക്ക് | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1. | ഐ.സി.എസ്. സമിതി റോഡ് വെള്ളക്കെട്ട് - നിവാരണം പ്രോജക്റ്റ് നമ്പർ-49/2009 ബിൽ നമ്പർ-28/09/24-03-2009 കൺവീനർ- ശ്രീ. അനിൽ കുമാർ | 297.902എം$^3$ | 47366.42 | 42004.18 | 5362.24 |
| 2. | കിഴവൂർ ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ വയൽ വരെ വെള്ളക്കെട്ട് നിവാരണം പ്രോജക്റ്റ് നമ്പർ-26/2009 ബിൽ നമ്പർ-23/2008-09 കൺവീനർ- ശ്രീ. പുഷ്പകുമാർ | 7എം$^3$ | 1,113.00 | 987.00 | 126.00 |
| 3. | പേരൂർ കരിനല്ലൂർ പണ്ടാരക്കുളം വെള്ളക്കെട്ട് നിവാരണം പ്രോജക്റ്റ് നമ്പർ-42/2009 ബിൽ നമ്പർ-16/2008-09/13-01-2009 കൺവീനർ- ശ്രീ. കമലാസനൻ | 30എം$^3$ | 4,770.00 | 4,230.00 | 540.00 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 4. | താഴെപടനിലം - വടക്ക് - പടിഞ്ഞാറ്റതിൽ റോഡ് വെള്ളക്കെട്ട് നിവാരണം പ്രോജക്റ്റ് നമ്പർ-19/2009 ബിൽ നമ്പർ-15/2008-09 കൺവീനർ- ശ്രീ. ശശിധരൻ പിള്ള | 27എം$^{3}$ | 4,293.00 | 3,807.00 | 486.00 |
| **ആകെ** | | | | | **6,514.24** |

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് അധികം നൽകിയ ₹ 6,514/- വർക്ക് ബിൽ തയ്യാറാക്കിയ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

**ഭാഗം-4**

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### *ഖണ്ഡിക 4(1) വായ്പ/വായ്പ തിരിച്ചടവ്*

തൻവർഷം ടി. ഇനത്തിൽ വരവില്ല.

### *ഖണ്ഡിക 4(2) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)*

ഈയിനത്തിൽ തൻവർഷം നിക്ഷേപങ്ങൾ ഇല്ല

### *ഖണ്ഡിക 4(3) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ*

2008-09 സാമ്പത്തിക വർഷം വിൽപ്പന/വാങ്ങൽ നികുതി ₹ 1,17,168/- നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ₹ 33,450/- ആദായ നികുതി ₹ 65,902/- എന്നിവ ഒടുക്ക് വരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഒടുക്കുവാൻ ബാക്കിയുള്ള തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

Local Fund Audit Department

## *ഖണ്ഡിക 4(4) ഓഡിറ്റ് റിക്കവറി*

ഈയിനത്തിൽ തൻവർഷം വരവില്ല.

## *ഖണ്ഡിക 4(5) ഓഡിറ്റ് ചാർജ്*

| | |
|---|---|
| D.C.B പത്രിക പ്രകാരമുള്ള ആകെ വരവ് | 4,54,72,109.00 |
| ***കുറയ്ക്കുക*** | |
| വായ്പ | 0.00 |
| സ്ഥിര നിക്ഷേപം പിൻവലിച്ചത് | 0.00 |
| നിക്ഷേപം (സെക്യൂരിറ്റി നിക്ഷേപം/നിരതദ്രവ്യം) | 0.00 |
| മറ്റു നിക്ഷേപം (മുൻകൂർ അധികം വരവ്) | 0.00 |
| മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ | 78,78,100.00 |
| ഗുണഭോക്തൃ വിഹിതം | 0.00 |
| ആദായ നികുതി | 0.00 |
| സേവന നികുതി (കേന്ദ്ര സർക്കാരിനുള്ളത്) | 0.00 |
| വിൽപ്പന/വാങ്ങൽ നികുതി | 0.00 |
| റോയൽറ്റികൾ (സർക്കാരിനുള്ളത്) | 0.00 |
| ലൈബ്രറി സെസ് | 0.00 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 0.00 |
| റിവർ മാനേജ്മെന്റ് ഫണ്ട് | 0.00 |
| ശമ്പള ബില്ലിൽ നിന്നുള്ള വസൂലാക്കലുകൾ | 0.00 |
| മുൻകൂർ തിരികെ | 0.00 |
| ഓഡിറ്റ് റിക്കവറി (ചെലവ് നഷ്ടം തിരികെ) | 0.00 |
| തിരിച്ചടവുകൾ | 0.00 |
| മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള വരവുകൾ | 0.00 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | 3,75,94,009.00 |
| ഓഡിറ്റ് ചാർജ്( 0.50 % നിരക്കിൽ) | 1,87,970.00 |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | 15,93,999.00 |
| **ആകെ** | **17,81,969.00** |
| (-) തന്നാണ്ടിൽ ഒടുക്കിയ തുക | 0.00 |
| (-) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | 0.00 |
| 31-03-2009-ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ് | **17,81,969.00** |

Local Fund Audit Department

## ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം

| വർഷം | തുക |
|---|---|
| 1996-97 | 27,867.00 |
| 1997-98 | 1,65,144.00 |
| 1998-99 | 1,81,010.00 |
| 1999-2000 | 2,79,628.00 |
| 2000-01 | 1,92,053.00 |
| 2001-02 | 1,16,679.00 |
| 2002-03 | 70,217.00 |
| 2003-04 | 1,04,157.00 |
| 2004-05 | 87,182.00 |
| 2005-06 | 95,298.00 |
| 2006-07 | 1,26,091.00 |
| 2007-08 | 1,48,673.00 |
| 2008-09 | 1,87,970.00 |
| **ആകെ** | **17,81,969.00** |

*ഈ തുക **0070-60-110-99 ഓഡിറ്റ് ചാർജ്** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്.*

Local Fund Audit Department

### (4-6) ഓഡിറ്റ് പ്രത്യവലോകനം

#### (എ) സംക്ഷിപ്ത വിവരം:

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,54,72,109.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,67,91,752.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 95,414.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,49,500.00 |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3(2) | 0.00 | 648.00 | ശ്രീ. എം.എസ്.അനിൽ കുമാർ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 3(3) | 0.00 | 58,500.00 | ശ്രീ. സി.എ. വർഗ്ഗീസ്, പട്ടികജാതി വികസന ഓഫീസർ |
| 3(7) | 0.00 | 20,000.00 | ശ്രീ. എം.എസ്.അനിൽ കുമാർ, സെക്രട്ടറി |
| 3(12) | 0.00 | 9,752.00 | അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് |
| 3(13) | 0.00 | 6,514.00 | |

Local Fund Audit Department

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:

ഖണ്ഡിക നമ്പർ: ഇല്ല

## (ഈ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ:

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ. എം.എസ്.അനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, മുഖത്തല | നിത്യ ചൈതന്യ ഭവനം, കിഴക്കേ കല്ലട പി.ഒ., കൊല്ലം - 691 502 |
| 2. | ശ്രീ. സി.എ. വർഗ്ഗീസ്, എസ്.സി.ഡി.ഒ. | ലഭ്യമല്ല | ചൂരവടി വീട്, പുല്ലങ്ങാടി പി.ഒ., ചമ്പക്കുളം (വഴി), ആലപ്പുഴ - 688 509 |
| 3. | ശ്രീമതി. ഇന്ദു.എസ്.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | കല ഭവൻ, കൊട്ടിയം, കൊല്ലം |

Local Fund Audit Department

## (4-7) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | | |
| 1996-97 | | |
| 1997-98 | എൽ.എഫ്.ക്യു./ഡി.ബി./502/99/31-07-1999/14-12-1999 | - |
| 1998-99 | എൽ.എഫ്.ക്യു./ഡി.ബി./1342/00/24-05-2001 | - |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.ക്യു./ഡി.ബി./1343/00/15-02-2001 | - |
| 2000-01 മുതൽ 2005-06 വരെ | എൽ.എഫ്.ക്യു./ഡി.ബി./1364/06/20-04-2007 | - |
| 2006-07 | | |
| 2007-08 | എൽ.എഫ്.ക്യു./ഡി.ബി./783/09/24-03-2010/12-04-2010 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫണ്ട് ഓഡിറ്റ്
ജില്ലാ ഓഫീസ്, കൊല്ലം

*SHINE/10/10/2011*

എൽ.എഫ്.ക്യൂ/ഡി.ബി/340/2011 തീയതി: 12 ആഗസ്റ്റ് 2011

# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വാർഷിക കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും, കൊല്ലം ജില്ലയിലെ, മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 31-03-2009-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിൻെറ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 2008-09 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫണ്ട് ഓഡിറ്റ്
ജില്ലാ ഓഫീസ്, കൊല്ലം

അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

ഇല്ല

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫണ്ട് ഓഡിറ്റ്
ജില്ലാ ഓഫീസ്, കൊല്ലം

*SHINE/10/10/2011*